യന്ത്രം

***Safvan. C***

സൗമ്യ ഇന്നത്തെ നൈറ്റ്ഡ്യൂട്ടിക്കായി പൂർണമായും ഒരുങ്ങിക്കഴിഞ്ഞിരുന്നു. തന്നെ കൊണ്ടാവുന്ന ഒരുവിധം വീട്ടുജോലികളൊക്കെ അവൾ പെട്ടന്നങ്ങ് ചെയ്തുതീർത്തു. അമ്മയ്ക്ക് ഇനിയധികം ജോലികളൊന്നുമിണ്ടാവില്ല. കുഞ്ഞിന് കഞ്ഞി കൊടുക്കണം, അവനെ കിടത്തി ഉറക്കണം. അത്രമാത്രം. മൂന്ന് വയസ് തികയുന്നതെയുള്ളങ്കിലും ഉണ്ണി മഹാകുസൃതിക്കാരനാണ്. അവനു എപ്പോയും അമ്മമ്മ തന്നെ വേണം. മെഡിക്കൽ കോളേജിലേക്കുള്ള അവസാന ബസ്സും മിസ്സാവാതിരിക്കാൻ വേണ്ടി സൗമ്യ പെട്ടന്നുതന്നെ വീട്ടിൽ നിന്നിറങ്ങി.

രാത്രി അതിന്റെ പൂർണത ആവാഹിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. മൂടൽ മഞ്ഞും ഒപ്പമുള്ള കുളിരും മകരത്തിലെ രാത്രികളെ ഉത്തേജിപ്പിക്കുന്നു. ഈ രാത്രികളിലാണ് പതിവായി ഇഴജന്തുക്കൾ ഇണകളെ തേടിയിറങ്ങാറ്.

ശാന്തമായി ഒഴുകുന്ന മകരരാത്രിയിലും മെഡിക്കൽ കോളേജ് തീപിടിച്ച തിരക്കിലാണ്. ബസ്സിറങ്ങിയ സൗമ്യ വ്യഗ്രതയോടെ ഹോസ്പിറ്റലിലേക്ക് നടന്നു. സമയം 15 മിനിറ്റ് വൈകിയിരിക്കുന്നു. ജൂലിക്ക് പകരമാണ് ഇന്ന് ഷിഫ്റ്റ്. 15 മിനിറ്റിന്റെ കാര്യമല്ലേ, അവൾ ക്ഷമിച്ചുകൊള്ളും...

ഒരു അമ്മയും മകളും ഭാര്യമായിരുന്ന സൗമ്യ, ജീവിതത്തിനും മരണത്തിനുമിടയിൽ ദൈവവും മനുഷ്യനും തമ്മിലുള്ള പകിടമത്സരത്തിന്റെ കളത്തിലെത്തിയപ്പോൾ മറ്റൊരു ജീവിയായി പരിണമിക്കുകയായിരുന്നു. മകരത്തിലെ രാത്രിപോലെ...

അപ്പോൾ മുതൽ, അനേകം ആളുകളെ പരിചരിക്കുന്ന അമ്മയായി അവൾ മാറി. കാരുണ്യമൂറുന്ന മകളായി അവൾ മാറി. മൂർച്ചയുള്ള ബ്ലേഡും കത്രികയും അവൾ കയ്യിലേന്തി. അത്കൊണ്ട് പാതിമുറിഞ്ഞ കയ്യും, കാലും അവൾ നിർലോപം വെട്ടിമാറ്റി. നിലവിളികളും, കരച്ചിലും, വേദനയും, തിരക്കും അവളുടെ ചുറ്റുപാടുകളായി.

ക്യാഷ്വാലിറ്റിയുടെ മുന്നിൽ രണ്ട് സ്ട്രക്ച്ചറുകൾ ഒതുക്കി വെച്ചിട്ടുണ്ട്. ആളുകൾ അവിടെ നിന്ന് കുശുകുശുക്കുന്നുമുണ്ട്. ഡയാന അവരുടെ അടുത്ത് നിന്ന് റിക്കാർഡ് പൂർത്തിയാക്കുകയാണ്.

"രണ്ടും തീർന്നതാണോ..?"

സമയം വൈകിയതുകാരണം പിടഞ്ഞോടുന്നതിനിടയിലും സൗമ്യ ചോദിച്ചു.

"ഹാ... രണ്ടും deathed ആണ്.. ഒന്ന് sudden death. മറ്റേത് blood lose ഉം..."

"കഷ്ടമായി പോയി" എന്ന ഡൈലോഗ് ഒരു മെഡിക്കൽ നഴ്സിന് തികച്ചും ക്ളീഷേ ആയതിനാലാവണം അവൾ ഒന്നും പറയാതെ ഗൗരവത്തിൽ സ്റ്റാഫ്റൂമിലേക്ക് നടന്നുനീങ്ങിയത്.

അവൾക്ക് വേണ്ടി കാത്തുനിൽക്കാതെ ജൂലീ പോയിട്ട് സമയം ഏറെയായിരിക്കുന്നു. ക്യാഷ്വാലിറ്റി ഡ്രസിങ് സെഷനിൽ ആളില്ലാത്തതിനാൽ ഡെപ്യൂട്ടി ഡോക്ടർ ലൈല മേഡം വമ്പൻ കലിപ്പിലുമാണെത്രെ. അവളുടെ ഹൃദയമിടിപ്പ് കൂടി.

"വേഗം ചെല്ല് പെണ്ണേ.. മൂപ്പത്തി ഒടുക്കത്തെ ചൂടിലാണ്"

ഷിഫ്റ്റ് കഴിഞ്ഞ് പോകാനൊരുങ്ങുന്ന പാർവതി സൗമ്യക്ക് മുന്നറീപ്പ് നൽകി.

സൗമ്യ ദ്രുതിപ്പെട്ട്, ഭയത്തോടെ ക്യാഷ്വാലിറ്റിയിലേക്ക് ഓടി. വരാന്തയിൽ അടിച്ചു തുടക്കുന്ന ശാരദ ചേച്ചി അവളെ കണ്ടപ്പോൾ കളിയായികൊണ്ട് ശകാരിച്ചു.

"പെണ്ണ് ഇന്നും നേരം വൈകിയിട്ടാണല്ലോ..."

"ഒന്നും പറയണ്ടന്റെ ശാരദേച്ചി... പണി കിട്ടുമെന്നാ തോന്നുന്നത്, പോയി നോക്കട്ടെ"

"ഉം... ചെല്ല്"

അവർ ഊറി ചിരിച്ചുകൊണ്ട് തറയിൽ അലപം ഡെറ്റോൾ ഒഴിച്ചു വീണ്ടു പണിതുടങ്ങി.

ക്യാഷ്വാലിറ്റി റൂമിൽ കയറിയതും, രക്തത്തിൽ പൊതിഞ്ഞ ഒരു പേഷ്യന്റിനെ ലൈല മേഡവും കൂട്ടരും ചേർന്ന് CPR എടുക്കുകയാണ്. അപ്പുറത്തെ റൂമിൽ ഡയാന കത്തിക്കരിഞ്ഞ പാതി കയ്യിയുമായി നിലവിളിക്കുന്ന രോഗിക്ക് first aid കൊടുക്കുന്നുമുണ്ട്. സൗമ്യ ഗ്ലൗസിട്ട് അവളുടെ കൂടെ ചേർന്നു.

"മേഡം കലിപ്പിലാണോ"

"സ്വൽപ്പം.. എവിടെയായിരുന്നു നീ.. മുമ്പിൽ ചെന്ന് പെടേണ്ട"

"ഒന്നും പറയണ്ട കോഴിക്കോട് മുടിഞ്ഞ ബ്ലോക്ക്... ഞാൻ നേരെത്തെ ഇറങ്ങിയതായിരുന്നു"

"അതൊന്നും അവിടെ പറഞ്ഞിട്ട് കാര്യമില്ല"

സൗമ്യ മനസുമടുപ്പോടെ രോഗിയിലേക്ക് തിരിഞ്ഞു. അയാളുടെ തോളിന്റെ അറ്റത്തുള്ള ഒരു തൊലിയിൽ കരിഞ്ഞു തൂങ്ങിയ കയ്യ് വേർപ്പെടാൻ വെമ്പി നിൽക്കുകയാണ്.

"ഇതെന്താ സംഭവം..?"

"electric shock .. 11 kv "

"damn"

ഡയാന ആ തൂങ്ങിയാടുന്ന കയ്യ് കത്രിക കൊണ്ട് കണ്ടിച്ചെടുത്തു. അയാൾ പ്രാണവേദനയാൽ ഞെരിഞ്ഞുപുളഞ്ഞു.

"all of you come fast.."

ലൈല മാഡത്തിന്റെ വലിയൊരു അലർച്ചയായിരുന്നു അത്. ഡയാനയെ റൂമിൽ നിർത്തി സൗമ്യയും ബാക്കിയുള്ളവരും ക്യാഷ്വാലിറ്റി റൂമിലേക്ക് പാഞ്ഞു. തലയുടെ ഇടതു പാർശ്വം ചിന്നിച്ചിതറി, തലച്ചോർ പുറത്തു തൂങ്ങിക്കിടക്കുന്ന തരത്തിൽ ഓരു ആക്സിഡന്റ് കേസ് അറ്റന്റയിരിക്കുന്നു. അയാളുടെ അവസ്ഥ വളരെയധികം മോശമാണ്.

"make fast it, give oxygen and CPR. blood loss is crucial. shift him to ICU after cleaning"

സൗമ്യ ചിതറി കിടക്കുന്ന തലയിലെ ഇരുമ്പിന്റെ അസംസ്കൃതാംശങ്ങൾ നീക്കം ചെയ്യാനായി മുന്നോട്ട് വന്നപ്പോൾ ലൈല മാഡം അവളെ ഇടം കണ്ണിട്ടൊന്ന് നോക്കി.  അത് ശ്രദ്ധിക്കാത്ത മട്ടിൽ സൗമ്യ രോഗിയുടെ മുറിവ് വൃത്തിയാക്കികൊണ്ടിരുന്നു.

സമയം രാത്രി പകുതിയും പിന്നിട്ട് ഒരു മണിയായി. ദീർഘ നേരത്തെ ജോലി ക്ഷീണം കാരണം ഒന്ന് വിശ്രമിക്കാനായി സൗമ്യ സ്റ്റാഫ് റൂമിൽ ചെന്നിരുന്നു. അവൾ തന്റെ മൊബൈൽ വെറുതെ ഒന്ന് തുറന്നു നോക്കി. പ്ലസ് ടുവിനു പഠിക്കുന്ന ചേച്ചിയുടെ മകൻ സ്റ്റാറ്റസ് ഇട്ടിരിക്കുന്നു: "മരണം അത്രയും മനോഹരമായത് കൊണ്ടാവണം പോയവരാരും തിരിച്ചു വരാത്തത്"

അവളത് വായിച്ച് പൊട്ടിച്ചിരിച്ചു. മരണം മനോഹരമാണെത്രെ... ഒരു ദിവസം എത്ര ചോരതെറിപ്പുകളും ആർത്തനാദങ്ങളും ചതഞ്ഞരഞ്ഞ ശരീരങ്ങളും മരണങ്ങളും കാണുന്നവളാണ് താൻ... അതിലൊന്നും ഇതുവരെ അവളൊരു മനോഹാരിതയും കണ്ടിട്ടില്ല.  പച്ചയായ വേദനകൾ മാത്രമാണ് ഇന്നുവരെ കണ്ടിട്ടുള്ളത്.

മുകളിൽ കറങ്ങുന്ന ഓറിയന്റ് ഫാൻ അവളുടെ ചിന്തകളിൽ അവളോട് സംവദിച്ചു.

എന്തിനു നീയിങ്ങനെ ഓടി തളരണം? എന്തിനിത്ര ഭയപ്പെട്ട് ജീവിക്കണം? എന്തിനിത്ര കൃത്യനിഷ്ഠത കാണിക്കണം? യുദ്ധഭൂമിയാണെന്ന് അറിഞ്ഞിട്ടും എന്തിനു നീ നേഴ്സിങ് തന്നെ തിരഞ്ഞെടുത്തു? ഈ ലോകത്ത് കോടാനുകോടി തൊഴിൽ മേഖലകൾ ഉണ്ടായിട്ടു കൂടി...

എല്ലാ ചോദ്യങ്ങൾക്കും മുന്നിൽ അവൾ ചിരിച്ചു.

നേരം വൈകിയതിന് ലൈല മാഡം ധാരാളം വഴക്കു പറഞ്ഞു. പറ്റില്ലെങ്കിൽ നിർത്തി പോവാനും പറഞ്ഞു. അങ്ങനങ് പെട്ടന്ന് നിർത്തി പോവാൻ പറ്റുന്നതാണോ ഈ പണി... അല്ല! അവൾ ആഗ്രഹിച്ച് നേടിയതും ഇഷ്ടപെട്ട ചെയ്യുന്നതുമാണീ തൊഴിൽ. തൊഴിലിലുപരി ഇതൊരു സേവനം കൂടിയാണ്.

ഇവിടെ എപ്പോഴും എല്ലാവർക്കും തീപിടിച്ച തിരക്കാണ്. ഡ്യൂട്ടിയിൽ കയറിയാൽ പിന്നെ എല്ലാവരും ഗൗരവക്കാരാണ്. വിശ്രമമില്ലാത്ത ജോലികൾ. ഹൃദയമുള്ള മെഷീനുകൾ! ഇന്ന് ഇവിടെ തന്നോട് ആകെയൊന്ന് ചിരിച്ചത് ക്ലീനിങ് സ്റ്റാഫ് ശാരദ ചേച്ചി മാത്രമായിരുന്നു. എപ്പോഴും അവരുടെ മുഖത്ത് ആ ചിരി കാണാം. അവർക്ക് തങ്ങളെ പോലെ ദുർഘടമായ ഒന്നിനെ കുറിച്ചും ഓർക്കേണ്ടിതില്ലല്ലോ... ഉണ്ടോ?? മരണ വക്കത്തെത്തി നിൽക്കുന്ന രോഗിയെ രക്ഷപെടുത്തേണ്ടതിനെ കുറിച്ച് ഓർക്കാനുണ്ടോ? ഡോസ് തെറ്റാതെ മരുന്ന് നൽകേണ്ടതിനെ കുറിച്ച് ഓർക്കാനുണ്ടോ? എല്ലം ഇറച്ചിയും ഇല്ലാഞ്ഞിട്ടും പ്രതീക്ഷയോടെ എത്തുന്ന രോഗിയുടെ ബന്ധുക്കളെ നേരിടേണ്ടതുണ്ടോ? ക്രിട്ടിക്കൽ സർജറിയെ കുറിച്ചും ആലോചിക്കേണ്ടതുണ്ടോ? ഇല്ല! അപ്പോൾ ശാരദേച്ചിയുടെ മുഖത്ത് ആ ചിരി നിത്യമായി കാണുന്നതിൽ ഒരു അതിശയവുമില്ല. മറ്റുവള്ളവരുടെ നിത്യമായ ചിരിക്കുവേണ്ടി സ്വയം ചിരിക്കാൻ മറക്കുന്ന ഒരു സമൂഹമാണ് നേഴ്സുമാർ! ആര് ഓർക്കുന്നു...

അവളുടെ പ്രതിഷേധാത്മകമായ ചിന്താസരണിയെ ഭംഗപ്പെടുത്തി കൊണ്ട് ആരോ അവളെ വിളിച്ചുണർത്തി.

"കൊച്ച് ഉറക്കത്തിലാണോ...? ഇതാ ഒരു ലഡ്ഡു കഴിക്കു"

അവൾ നിവർന്നിരുന്നു കൊണ്ട് ശാരദയെ നോക്കി. അവളുടെ ചിന്തയിൽ നിറഞ്ഞു നിന്നിരുന്ന അതെ ശാരദ.

"ഉറങ്ങിയിട്ടൊന്നുമില്ല, ഓരോന്ന് ചിന്തിക്കുകയായിരുന്നു. അല്ല.. എന്താ ഈ പാതിരാത്രിക്ക് ലഡ്ഡുവൊക്കെയായിട്ട്?"

"വൈകുന്നേരം മുതൽ ഞാനിതായിട്ട് നടക്കുന്നുണ്ട്, നിങ്ങളെ ഒക്കെ ഇന്ന് ഫ്രീയായി കിട്ടണ്ടേ..."

സൗമ്യ ശാരദ നീട്ടിയ പേപ്പർബോക്സിൽ നിന്നൊരു ലഡ്ഡു എടുത്ത് കടിച്ചു കൊണ്ട് മറുപടി പറഞ്ഞു:

"ഓ... ഇന്ന് എല്ലാവരും അൽപ്പം തിരക്കിലായിരുന്നു. എന്താ വിശേഷം? നിങ്ങളെ രണ്ടാം കെട്ടാണോ..."

"പോ പെണ്ണേ... ഈ വയസായ എന്നെ ഇനിയാര് കെട്ടാനാ... നിനക്ക് ഇനിയും കെട്ടാം... ഇതെന്റെ മൂത്ത മോന്ക് MBA കിട്ടി, അമേരിക്കയിലാ"

"ആഹാ.. അപ്പൊ ഇനി നിങ്ങളും അമേരിക്കക്കാരി ആവുമല്ലോ... USA ശാരദ.."

"പോടി പെണ്ണേ"

"അയ്യോ കിളവിയുടെ നാണം, അല്ല ഇളയ ചെക്കൻ ന്താ ചെയ്യുന്നത്?"

ശാരദയുടെ മുഖം വാടി. .

"പാവം ഇന്റെ കുട്ടി, അവനാ കുടുംബം മുഴുവനും നോക്കുന്നത്. അച്ഛൻ മരിച്ചപ്പോ പത്തിൽ വെച്ചവൻ പഠിത്തം നിർത്തി. ന്തോ, പുസ്തകവും എഴുത്തും ഒന്നും ന്റെ കുട്ടിന്റെ തലയിൽ കയറൂല. അവൻ പല പണിയും എടുത്തിട്ടുണ്ട്. വെപ്പ്, ഉടപ്പ്, കല്ലേറ്റിയിട്ട് വരെയുണ്ട്... സകല പണിയും എടുത്താണ് കുടുംബം പോറ്റുന്നത്. ഞാൻ ഇവിടെ വരുന്നതൊന്നും അവനു തീരെ ഇഷ്ടമല്ല. അവനാ മൂത്തവനെ പഠിപ്പിച്ച് MBA വാങ്ങി കൊടുത്തത്..."

അത് പറയുമ്പോൾ അവരുടെ വദനാംബുജം തളിരിലകളായി വിരിഞ്ഞ് ഉലകി. ആ കണ്ണിൽ അഭിമാനം ജലനൃത്തം ചവിട്ടി.

"ന്റെ മോന് നിക്ക് ദൈവം തന്ന വലിയ സ്വത്താണ്"

ശാരദ അവിടെ നിന്ന് പോയി.

സൗമ്യ ശാരദയുടെ ഇളയ മകൻ മഹാദേവനെ കുറിച്ച് ചിന്തിച്ചു.. ആ കുസൃതിക്കണ്ണുള്ള ചെറുപ്പക്കാരനെ കുറിച്ച്. അവനാണ് അധിക ദിവസങ്ങളിലും ശാരദേച്ചിയെ ഹോസ്പിറ്റലിൽ കൊണ്ടുവിടുന്നത്. ഒരിക്കൽ ശാരദേച്ചി അവനെ പരിചയപ്പെടുത്തി തരിക കൂടി ചെയ്തു. ആ മനുഷ്യന്റെ കഥയാണിപ്പോൾ അവൾ കേട്ടത്. ആ മനോഹരമായ കണ്ണുകൾക്ക് പിന്നിലെ നിഗൂഢതകൾ, എത്ര കഷ്ടപെടുന്നുണ്ടാവും ആ മനുഷ്യൻ... ഒരു കുടുംബത്തിന്റെ മൊത്തം ആലംബമാണ് അവൻ. MBA പൂർത്തിയാക്കാൻ എത്രത്തോളം ചെലവാക്കണമെന്ന് അവൾക്കറിയാം. ജീവൻ നൽകുവാനും ജീവൻ എടുക്കുവാനും എളുപ്പമാണ്, പക്ഷെ ജീവിതം ജീവിച്ചു തീർക്കാനാണ് പ്രയാസം. ജനനവും മരണവും 'ജീവിതം' എന്ന സമസ്യക്ക് മുന്നിൽ തോറ്റു തലകുനിക്കുന്നു.

"അനായേസേന മരണം, വിനാ ദൈന്യായേന ജീവനം ദേഹി മേ കൃപയാ ശംഭോ, ത്വയാ ഭക്തിമ് അചഞ്ചലം" അവൾ ആരോടെന്നില്ലാതെ ഉരുവിട്ടു.

കാതങ്ങൾ ഒരുപാട് ഇഴഞ്ഞ്നീങ്ങിയിരിക്കുന്നു. പുറത്ത് മഞ്ഞാലീറനണിഞ്ഞ അന്തരീക്ഷത്തിൽ ബെറ്റഡിന്റേയും ഡെറ്റോളിന്റെയും പതഞ്ഞ് പൊങ്ങുന്ന ഗന്ധഗിരിമയിൽ ഹോസ്പിറ്റൽ അന്തരീക്ഷം വേറിട്ട് നിന്നു.

പ്രസവത്തിനായി ലേബർ റൂമിൽ കയറ്റിയ ഭാര്യയെയും കുഞ്ഞിനേയും ഓർത്ത് ഉലാത്തുന്ന ഭർത്താവിനെയും, വേദന കൊണ്ട് ഉറങ്ങാൻ കഴിയാത്ത മകന്റെ കൂടെ ഉറങ്ങാതെ അവനുവേണ്ടി താരാട്ടു പാടുന്ന അമ്മയെയും, മരണത്തിനായി തയ്യാറെടുക്കുന്ന വൃദ്ധന്റെ ചുറ്റും കൂടി നിന്ന് മരണമൊഴി ഓതുന്ന കുടുംബത്തെയും, ജനറൽ വാർഡിലെ ആളുകളുടെ കൂർക്കം വലിയും കേട്ട് സൗമ്യ ക്യാഷ്വാലിറ്റിയിലേക്ക് നടന്നു. മണി രണ്ടായിട്ടും ക്യാഷ്വാലിറ്റിയിൽ തിരക്കിനൊട്ടും കുറവില്ല. ലൈല മാഡത്തിന്റെ പകരം ഇനി ഡ്യൂട്ടി ബഷീർ സാറിനാണ്.

മെഡിക്കൽ കോളേജിൽ എല്ലാവരും രോഗികളെ കുറിച്ച് ആതിയെടുക്കുമ്പോൾ, ഇതിനിടയിലും ധർമം കൊണ്ട് ഉരുകി തീരുന്ന നേഴ്സുമാരെ കുറിച്ച് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ. ആര് ചിന്തിക്കാൻ... സ്വന്തം സർക്കാരിനില്ല ആ ചിന്ത പിന്നെയാ... very incoherent bullshit !

ക്യാഷ്വാലിറ്റിയുടെ മുന്നിൽ നിൽക്കുമ്പോഴാണ് വളരെ സീരിയസായി ഒരു ആക്സിഡന്റ് കേസ് ഹാജരായിട്ടുണ്ടെന്നും പെട്ടന്ന് വരണം എന്നും ഡയാന വിളിച്ചുപറഞ്ഞത്. സൗമ്യ ഓടിയകത്തുകയറി. ഒരു ബൈക്ക് ആക്സിഡന്റാണ്. ഇഞ്ചുറി അരക്ക് താഴേക്കും കഴുത്തിന് പിറകിലുമാണ്. കഴുത്തിന് പിന്നിലൊരു iron rod തുളച്ച് കയറിയിട്ടുണ്ട്. കൂടുതൽ ക്രിറ്റിക്കലായ കേസായിരുന്നു അത്.

"soumya and dayana move him into OT"

ബഷീർ സർ ആജ്ഞാപിച്ചു. വരാന്തയിലൂടെ രോഗിയുമായി അവർ ഓപ്പറേഷൻ തീയേറ്ററിലേക്ക് പോകുമ്പോഴായിരുന്നു സൗമ്യ അയാളെ ശരിക്കും ശ്രദ്ധിക്കുന്നത്. കുസൃതികണ്ണുള്ള മഹാദേവൻ!

സൗമ്യയുടെ കണ്ണുകളിൽ ഇരുട്ട് കയറുന്നതായി അവൾക്കനുഭവപ്പെട്ടു. അവളുടെ നിയന്ത്രണം ക്രമാതീതമായി അവളെ വിട്ടകന്നു.

"നീ എന്താ അന്തം വിട്ട് നിൽക്കുന്നത്. BE CONSIOUS HE IS LOSING SO BLOOD"

ഓപ്പറേഷൻ തീയേറ്ററിൽ നിന്നും oxygen cilinder ന് വേണ്ടി ഗോഡൗണിലേക് ഓടുന്നതിനിടയിൽ മഹാദേവനെ കൊണ്ടുവന്ന സ്ട്രക്ച്ചറിൽ നിന്നുവീണ അവന്റെ രക്തം ശാരദ തുടക്കുകയായിരുന്നു.

"ആരുടേതാണ് ഇത്രേം ചോര.... ആക്സിഡന്റാണോ മോളെ"

അവൾ ഉത്തരം പറയാൻ കഴിയാതെ ശാരദയുടെ മുന്നിൽ ശ്വാസംമുട്ടി നിന്നു.

"ആ ആക്സിഡന്റ് കേസാ"

"ചെറുപ്പക്കാരായിരിക്കും... ഈ പിള്ളേരുടെ ഒരു കാര്യം, എന്തൊരു സ്പീഡാ... കാറിലും ബൈക്കിലും ഒക്കെ... ഹോ.."

അവൾ കൂടുതലൊന്നും കേൾക്കാൻ നിൽക്കാതെ അവിടെ നിന്നും ഒഴിഞ്ഞുമാറി. അവൾ ഓക്സിജൻ സിലിണ്ടറുമായി എത്തിയപ്പോയേക്കും മഹാദേവൻ മരിച്ചു കഴിഞ്ഞിരുന്നു. സൗമ്യ മൂകയായി കൊണ്ട് അവന്റെ കുസൃതികണ്ണുകളിലേക്ക് നോക്കി അതിലെ കുസൃതി ഇപ്പോഴും പൂർണമായും വിട്ട് പോയിട്ടില്ല.

"we can't help him, please inform his relatives"

"sir i know him, ഇത് നമ്മുടെ ക്ലീനിങ് സ്റ്റാഫ് ശാരദേച്ചിയുടെ ഇളയ മകനാണ്"

ഒരു നിമിഷം അവിടെയാകെ മൗനംപാടർന്നു.

"ഓ... shit അവരിത് അറിഞ്ഞോ"

"ഇതുവരെയില്ല"

"fast... എത്രയും പെട്ടന്നു തന്നെ അറീക്കണം. സൗമ്യ you are deep intimate with her. so you are the right person "

"sirrr, i cant"

"is an order and a duty of a nurse"

ഹൃദയമുള്ള ഒരു യന്ത്രമായികൊണ്ട് സ്വന്തം മകന്റെ മരണം അറീക്കാൻ ശാരദയുടെ അടുത്തേക്ക് അവൾ നടന്നു.. അപ്പോഴും ശാരദ ചിരിച്ചു കൊണ്ട് സ്വന്തം മകന്റെ രക്തം വൃത്തിയാക്കുകയായിരുന്നു...